**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ നഗരസഭയുടെ ആധുനിക മാർക്കറ്റ് നിർമ്മാണോത്ഘാടനവുമായി ബന്ധപ്പെട്ട് തനതു ഫണ്ടിൽ നിന്നും തുക ചിലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.551/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 05/03/2020**

പരാമർശം: - പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറി സമർപ്പിച്ച 18/10/2020ലെ PW1/2968/19 നമ്പർ അപേക്ഷ

2. നഗര കാര്യ ഡയറക്ടറുടെ 18/11/2019 ലെ DC3-22695/19 നമ്പർ കത്ത്

**ഉത്തരവ്**

പെരിന്തൽമണ്ണ നഗരസഭയുടെ ആധുനിക മാർക്കറ്റ് നിർമ്മാണോത്ഘാടനവുമായി ബന്ധപ്പെട്ട് നോട്ടീസ് ബോർഡുകൾ, ബാനറുകൾ, ഫ്ളക്സുകൾ ,മൈക് അനൗൺസ്മെന്റ്, നിർദിഷ്ട ആധുനിക മാർക്കറ്റിന്റെ ചിത്രീകരണ പ്രദർശനം ,പന്തൽ ,കസേരകൾ , സ്റ്റേജ്&ഡെക്കറേഷൻ എന്നിവ ഒരുക്കുന്നതിനും, ബഹു നിയമസഭാ സ്പീക്കർ അടക്കമുള്ള സാമൂഹിക ,രാഷ്ട്രീയ സാംസ്കാരിക വ്യക്തികൾക്ക് ആതിഥേയമരുളിയതിന്റെയും ഭാഗമായി 19/02/19 ന് നടന്ന ഉത്ഘാടനത്തിന് ആകെ 224247/-രൂപ ചെലവായിട്ടുണ്ടെന്നും തനതു ഫണ്ടിൽ നിന്നും ചിലവഴിച്ച ടി തുകയ്ക്ക് സാധൂകരണം നൽകണമെന്നും കമ്മിറ്റി തീരുമാനത്തോടൊന്നിച്ച് പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറി സമർപ്പിച്ച അപേക്ഷ നഗര കാര്യ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ നഗരസഭയുടെ ആധുനിക മാർക്കറ്റ് നിർമ്മാണോത്ഘാടനവുമായി ബന്ധപ്പെട്ട് തനതു ഫണ്ടിൽ നിന്നും 224247 /-രൂപ (രണ്ടു ലക്ഷത്തി ഇരുപത്തിനാലായിരത്തി ഇരുനൂറ്റി നാല്പത്തി ഏഴു രൂപ) ചിലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സജന് സി വി ഐ .എ .എസ്**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി,പെരിന്തൽമണ്ണ നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.03.06 11:21:20 IST
Reason: Approved

സെക്ഷൻ ഓഫീസർ